| 29-08-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ - നിങ്ങൾ ഇവിടെ പഠിപ്പ് പഠിക്കുന്നതിനുവേണ്ടി വന്നിരിക്കുന്നു, നിങ്ങൾക്ക് കണ്ണുകൾ അടക്കേണ്ട ആവശ്യമില്ല, പഠിപ്പ് കണ്ണുകൾ തുറന്നാണ് പഠിക്കേണ്ടത്**

**ചോദ്യം:-** ഭക്തിമാർഗ്ഗത്തിൽ ഏതൊരുശീലം ഭക്തരിലുണ്ട്. അതിപ്പോൾ നിങ്ങൾ കുട്ടികളിൽ ഉണ്ടായിരിക്കരുത്?

**ഉത്തരം:-** ഭക്തിമാർഗ്ഗത്തിൽ ഏതെങ്കിലും ദേവതയുടെ മൂർത്തിക്കുമുന്നിൽ പോയി എന്തെങ്കിലും യാചിച്ചുകൊണ്ടിരിക്കും. ഭക്തരിൽ യാചിക്കുന്ന സംസ്കാരമാണുള്ളത്. ലക്ഷ്മിക്കുമുന്നിൽ പോയി ധനം യാചിക്കും, എന്നാൽ ഒന്നും ലഭിക്കുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികളിൽ ഈ ശീലമില്ല, നിങ്ങൾ ബാബയുടെ സമ്പത്തിന്റെ അധികാരിയാണ്. നിങ്ങൾ സത്യമായ വിചിത്രമായ ബാബയെ കണ്ടുകൊണ്ടിരിക്കൂ. ഇതിലാണ് നിങ്ങളുടെ സത്യമായ സമ്പാദ്യം.

**ഓം ശാന്തി**. ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് - ഇത് പാഠശാലയാണ് പക്ഷേ ഇവിടെ ചിത്രങ്ങളേയോ ദേഹഹധാരിയേയോ നോക്കേണ്ടതില്ല. ഇവിടെ കാണുമ്പോഴും ബുദ്ധി പോകേണ്ടത് ചിത്രമില്ലാത്ത(ശരീരം) ആളിലേക്കാണ്. സ്കൂളിൽ കുട്ടികൾക്ക് അറ്റൻഷൻ എല്ലായ്പ്പോഴും ടീച്ചറിലുണ്ടായിരിക്കും കാരണം ടീച്ചർ പഠിപ്പിക്കുകയാണ് തീർച്ചയായും ടീച്ചറിൽ നിന്നും കേൾക്കണം പിന്നീട് പ്രതികരിക്കണം. ടീച്ചർ ചോദ്യം ചോദിക്കുകയാണെങ്കിൽ സൂചന നൽകാറില്ലേ - ഞാൻ പറയാം. ഇവിടേയും ഇത് വിചിത്രമായ സ്കൂളാണ് കാരണം വിചിത്രമായ പഠിപ്പാണ്, പഠിപ്പിക്കുന്ന ആൾക്ക് രൂപമില്ല അതിനാൽ കണ്ണുകൾ തുറന്നിരുന്ന് പഠിക്കണം. സ്കൂളിൽ ടീച്ചറുടെ മുന്നിൽ കണ്ണുകൾ എപ്പോഴെങ്കിലും അടച്ചുവച്ചിരിക്കാറുണ്ടോ! ഭക്തിമാർഗ്ഗത്തിൽ കണ്ണുകളടച്ച് മാല ജപിക്കുകയെല്ലാം ചെയ്യുന്നു... സന്യാസിമാർ പോലും കണ്ണുകളടച്ചാണിരിക്കുന്നത്. അവർ സ്ത്രീകളെ നോക്കുകപോലും ചെയ്യില്ല മനസ്സ് ചഞ്ചലപ്പെടരുതല്ലോ. പക്ഷേ ഇന്നത്തെ കാലത്തുള്ളവർ തമോപ്രധാനമാണ്. ബാബ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് - ഇവിടെ നിങ്ങൾ കാണുന്നത് ശരീരത്തെയാണ് എന്നാൽ ബുദ്ധി വിചിത്രനായ ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കണം. ശരീരത്തെ കണ്ടുകൊണ്ടും വിചിത്രനായ ആളെ ഓർമ്മിക്കുന്ന ഒരു സന്യാസിയും ഉണ്ടായിരിക്കില്ല. നിങ്ങൾക്കറിയാം ഈ ബ്രഹ്മാവിന്റെ രഥത്തിലേക്ക് വന്ന് ശിവബാബ നമ്മളെ പഠിപ്പിക്കുകയാണ്. സംസാരിക്കുന്നത് ബാബയാണ്, എല്ലാം ചെയ്യുന്നത് ആത്മാവ് തന്നെയാണ്, ശരീരം ഒന്നും ചെയ്യുന്നില്ല. ആത്മാവാണ് കേൾക്കുന്നത്. ആത്മീയ ജ്ഞാനവും ഭൗതികജ്ഞാനവും കേൾക്കുന്നതും കേൾപ്പിക്കുന്നതും ആത്മാവ് തന്നെയാണ്. ആത്മാവാണ് ലൗകിക ടീച്ചറായി മാറുന്നത്. ശരീരത്തിലൂടെ ഭൗതികമായ പഠിപ്പ് പഠിക്കുന്നു, അതും ആത്മാവല്ലേ പഠിക്കുന്നത്. നല്ലതും മോശമായതുമായ സംസ്കാരം ആത്മാവിലാണ് ധാരണ ചെയ്യുന്നത്. ശരീരം ഭസ്മമാകുന്നതാണ്. ഇത് ഒരു മനുഷ്യരും അറിയുന്നില്ല. മനുഷ്യർക്ക് ദേഹാഭിമാനമാണ് - ഞാൻ ഇന്ന വ്യക്തിയാണ്, ഞാൻ പ്രധാനമന്ത്രിയാണ്. ഇങ്ങനെ ആരും പറയാറില്ല ഞാൻ ആത്മാവ് പ്രധാനമന്ത്രിയുടെ ശരീരത്തെ സ്വീകരിച്ചിരിക്കുന്നു. ഇതെല്ലാം നിങ്ങൾ മനസ്സിലാക്കി. എല്ലാം ചെയ്യുന്നത് ആത്മാവാണ്. ആത്മാവ് അവിനാശിയാണ്, ശരീരം കേവലം ഇവിടെ പാർട്ട് അഭിനയിക്കുന്നതിനുവേണ്ടി ലഭിച്ചതാണ്. അഥവാ ആത്മാവില്ലെങ്കിൽ ശരീരത്തിന് ഒന്നും ചെയ്യാൻ സാധിക്കില്ല. ആത്മാവ് ശരീരത്തിൽനിന്നും പുറത്തു പോയാൽ ശരീരമൊരു ജഡമാകുന്നു. ആത്മാവിനെ ഈ കണ്ണുകൾ കൊണ്ട് കാണാൻ സാധിക്കില്ല. ആത്മാവ് സൂക്ഷ്മമല്ലേ. ബാബ പറയുകയാണ് ബുദ്ധിയിലൂടെ ബാബയെ ഓർമ്മിക്കൂ. നിങ്ങളുടെയും ബുദ്ധിയിലുണ്ട് നമ്മളെ ശിവബാബയാണ് ഈ ശരീരത്തിലൂടെ പഠിപ്പിക്കുന്നത്. ഇതും സൂക്ഷ്മമായി മനസ്സിലാക്കേണ്ട കാര്യമാണ്. ചിലർ നല്ല രീതിയിൽ മനസ്സിലാക്കുന്നു, ചിലർ അൽപ്പം പോലും മനസ്സിലാക്കുന്നില്ല, കേവലം ഈ കാര്യത്തെപ്പോലും. അല്ലാഹു അർത്ഥം ഭഗവാൻ ബാബയാണെന്നുള്ളത്. ഭഗവാനെന്നോ ഈശ്വരനെന്നോ പറയുന്നതിലൂടെ പിതാവെന്നുള്ള സംബന്ധം ഉണ്ടായിരിക്കില്ല. ഈ സമയം എല്ലാവരും കല്ലുബുദ്ധിയാണ്. കാരണം രചയിതാവായ ബാബയേയും രചനയുടെ ആദി-മദ്ധ്യ- അന്ത്യത്തേയും അറിയുന്നില്ല. ഈ മുഴുവൻ ലോകത്തിന്റേയും ചരിത്രവും ഭൂമിശാസ്ത്രവും ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ സംഗമയുഗമാണ് ഇതാരും അറിയുന്നില്ല. നിങ്ങൾ മനസ്സിലാക്കി, മുമ്പ് നമുക്കും അറിവുണ്ടായിരുന്നില്ല ബാബ ഇപ്പോൾ നിങ്ങളെ ഇവിടെ ജ്ഞാനത്തിലൂടെ അലങ്കരിക്കുകയാണ്. ഇവിടെനിന്നും പുറത്തു പോയാൽ മായയുടെ പൊടിയിൽ പെട്ട് ജ്ഞാനത്തിന്റെ അലങ്കാരം കേടുവരുന്നു. ബാബ അലങ്കരിക്കുകയാണ്. പക്ഷേ തന്റെ പുരുഷാർത്ഥവും ചെയ്യണം. ചില കുട്ടികൾ വായിലൂടെ കാട്ടളനെ പോലെ സംസാരിക്കുന്നു, ജ്ഞാനത്തിന്റെ അലങ്കാരം ഇല്ലാത്തതുപോലെ, എല്ലാം മറക്കുന്നു. അവസാന നമ്പറിൽ ഏത്

വിദ്ധ്യാർത്ഥിയാണോ ഇരിക്കുന്നത്, അവർക്ക് പഠിപ്പിൽ ഇത്രയും മനസ്സുണ്ടായിരിക്കില്ല. ഒരുപക്ഷേ, ഫാക്ടറികളിലെല്ലാം സേവനം ചെയ്ത് ധനികരായി മാറാം. പഠിച്ചിട്ടൊന്നും ഉണ്ടാകില്ല, ഇവിടെ വളരെ ഉയർന്ന പഠിപ്പാണ്. പഠിപ്പില്ലാതെ ഭാവിയിൽ ഉയർന്ന പദവി ലഭിക്കില്ല. ഇവിടെ നിങ്ങൾക്ക് ധനവാനാകുന്നതിനായി ഫാക്ടറികളിലൊന്നും ഇരുന്ന് ഒരു ജോലിയും ചെയ്യേണ്ടതില്ല. ഇവിടെയുള്ളതെല്ലാം ഇല്ലാതാകുന്നതാണ്. കൂടെ കൊണ്ടുപോകുന്നത് അവിനാശിയായ സമ്പാദ്യം മാത്രമാണ്. നിങ്ങൾക്കറിയാം, മനുഷ്യർ മരിക്കുമ്പോൾ കാലിയായ കൈകളോടെയാണ് പോകുന്നത്. കൂടെ ഒന്നും കൊണ്ടുപോകുന്നില്ല. നിങ്ങളുടെ കൈ നിറച്ചാണ് പോകുന്നത്, ഇതിനെയാണ് സത്യമായ സമ്പാദ്യമെന്ന് പറയുന്നത്. ഈ സത്യമായ സമ്പാദ്യം നിങ്ങളുടേതാണ് 21 ജന്മങ്ങളിലേക്കു വേണ്ടി. പരിധിയില്ലാത്ത ബാബ സത്യമായ സമ്പാദ്യം ചെയ്യിപ്പിക്കുകയാണ്.

നിങ്ങൾ കുട്ടികൾ കാണുന്നത് ഈ ചിത്രത്തെയാണ്(ശരീരം), എന്നാൽ ഓർമ്മിക്കേണ്ടത് വിചിത്രനായ ബാബയെയാണ് കാരണം നിങ്ങളും ആത്മാവാകുന്നു ആത്മാവിന് തന്റെ പിതാവിനെ നോക്കണം. ബാബയിൽ നിന്നാണ് പഠിക്കുന്നത്. ആത്മാവിനെ, പരമാത്മാവിനെ കാണാൻ സാധിക്കില്ല, എന്നാൽ ബുദ്ധികൊണ്ട് അറിയാൻ സാധിക്കും നമ്മൾ ആത്മാവ് അവിനാശിയാണ്. ഈ ശരീരം വിനാശിയാണ്. ഈ ബാബയും മുന്നിൽ നിങ്ങൾ കുട്ടികളെ കാണുന്നുണ്ട്. പക്ഷേ ബുദ്ധിയിലുണ്ട് ആത്മാക്കൾക്കാണ് മനസ്സിലാക്കിത്തരുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾളെ എന്താണോ ബാബ പഠിപ്പിക്കുന്നത് അത് സത്യം സത്യമാണ്, ഇതിൽ അസത്യത്തിന്റെ അംശം പോലും ഇല്ല. നിങ്ങൾ സത്യമായ ഖണ്ഡത്തിന്റെ അധികാരിയായി മാറുന്നവരാണ്. ഇതാണ് അസത്യഖണ്ഡം. അസത്യഖണ്ഡം കലിയുഗമാണ്, സത്യമായ ഖണ്ഡം സത്യയുഗമാണ് – രാത്രിയും പകലും തമ്മിലുള്ള വ്യത്യാസമുണ്ട്. സത്യയുഗത്തിൽ ദുഃഖത്തിന്റെ കാര്യമേയില്ല. പേരു തന്നെ സുഖധാമമെന്നാണ്. സുഖധാമത്തിന്റെ അധികാരിയാക്കി മാറ്റുന്നത് ബാബയാണ്. ബാബക്ക് രൂപമില്ല, ബാക്കിയെല്ലാവർക്കും രൂപമുണ്ട്. ബാബയുടെ പേര് മാറിക്കൊണ്ടേയിരിക്കുന്നുണ്ടോ? ബാബയുടെ പേര് ശിവനെന്നാണ്. ആത്മാവിനെ ആത്മാവെന്നു തന്നെയാണ് പറയുക. ശരീരത്തിനാണ് പേരുണ്ടാകന്നത്. ശിവലിംഗം നിരാകാരമാണ്. ജ്ഞാനസാഗരൻ, ശാന്തിയുടെ സാഗരൻ... ഇത് ശിവബാബയുടെ മഹിമയാണ്. ബാബ എല്ലാവർക്കും പിതാവാണ്. ബാബയിൽ നിന്നാണ് സമ്പത്ത് ലഭിക്കുന്നത് രചനയിൽ നിന്നും രചനക്ക് സമ്പത്ത് ലഭിക്കുകയില്ല. സമ്പത്ത് രചയിതാവാണ് തന്റെ കുട്ടികൾക്ക് നൽകുന്നത്. സ്വന്തം കുട്ടിയുണ്ടാകുമ്പോൾ സഹോദരന്റെ കുട്ടികൾക്ക് സമ്പത്ത് കൊടുക്കാറുണ്ടോ? പരിധിയില്ലാത്ത ബാബ തന്റെ പരിധിയില്ലാത്ത കുട്ടികൾക്ക് സമ്പത്ത് നൽകുകയാണ്, ഇത് പഠിപ്പല്ലേ. എങ്ങിനെയാണോ മനുഷ്യൻ പഠിച്ച് വക്കീലായി മാറുന്നത്, പഠിപ്പിക്കുന്ന ടീച്ചറോടും പഠിപ്പിനോടും യോഗം വെക്കാറുണ്ടല്ലോ. ഈ പഠിപ്പിക്കുന്ന ആൾ വിചിത്രമാണ്, (ശരീരമില്ല). നിങ്ങൾ ആത്മാക്കളും വിചിത്രമാണ്. ബാബ പറയുകയാണ് ഞാൻ ആത്മാക്കളെയാണ് പഠിപ്പിക്കുന്നത് നിങ്ങൾ മനസ്സിലാക്കൂ നമ്മളെ ബാബ പഠിപ്പിക്കുകയാണ്. ഒരു പ്രാവശ്യം ബാബ വന്ന് പഠിപ്പിക്കുകയാണ്. പഠിക്കുന്നത് ആത്മാവല്ലേ. സുഖവും ദുഃഖവും ആത്മാവാണ് അനുഭവിക്കുന്നത്, എന്നാൽ ശരീരത്തിലൂടെയാണ്. ആത്മാവ് വേർപെട്ടു പോയാൽ പിന്നീട് നിങ്ങൾ ഈ ശരീരത്തെ എത്രതന്നെ അടിച്ചാലും, മണ്ണിനെ അടിക്കുന്നതുപോലെയായിരിക്കും. ബാബ വീണ്ടും വീണ്ടും മനസ്സിലാക്കിത്തരികയാണ് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ഇതും ബാബക്കറിയാം എല്ലാവരും നമ്പർവൈസായാണ് ധാരണ ചെയ്യുന്നത്. ചിലർ പൂർണ്ണമായും ബുദ്ധുവിനെപ്പോലെയാണ്, ഒന്നും മനസ്സിലാക്കുന്നില്ല. ജ്ഞാനം വളരെ സഹജമാണ്. അന്ധന്മാർക്കും, വികലാംഗർക്കും മനസ്സിലാക്കാൻ സാധിക്കും. കാരണം ആത്മാവിനല്ലേ മനസ്സിലാക്കിത്തരുന്നത്. ആത്മാവ് വികലാംഗനാകുന്നില്ല. ശരീരത്തിനാണ് സംഭവിക്കുന്നത്. ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കിത്തരുന്നത്, പക്ഷേ ഭക്തിമാർഗ്ഗത്തിന്റെ ശീലം കണ്ണുകളടച്ച് ഇരിക്കുന്നതാണ് ഇവിടേയും ചിലർ കണ്ണുകളടച്ച് ഇരിക്കാറുണ്ട്. തന്നിഷ്ടം പോലെ. ബാബ പറയുകയാണ് കണ്ണുകളടക്കാതിരിക്കൂ. മുന്നിലുള്ളവരെ കാണുമ്പോഴും ബുദ്ധിയിലൂടെ ബാബയെ ഓർമ്മിക്കൂ. അപ്പോൾ വികർമ്മം വിനാശമാകും. എത്ര സഹജമാണ്, എന്നിട്ടും പറയാറുണ്ട് ബാബാ ഞങ്ങൾക്ക് ഓർമ്മിക്കാൻ സാധിക്കുന്നില്ല. നോക്കൂ, ലൗകിക പിതാവിൽ നിന്നും പരിധിയുള്ള സമ്പത്താണ് ലഭിക്കുന്നത്, എന്നിട്ടും ലൗകികപിതാവിനെ മരണം വരേയും ഓർമ്മിക്കുന്നു, ഇത് എല്ലാ ആത്മാക്കളുടേയും പരിധിയില്ലാത്ത പിതാവാണ്, ആ ബാബയെ നിങ്ങൾക്ക് ഓർമ്മിക്കാൻ സാധിക്കില്ലേ. ഏത് പിതാവിനെയാണോ വിളിക്കുന്നത് അല്ലയോ ഗോഡ് ഫാദർ, എനിക്ക് വഴി കാണിക്കൂ. വാസ്തവത്തിൽ ഈ പറയുന്നതും തെറ്റാണ്. ബാബ കേവലം ഒരാളുടെ മാത്രം വഴികാട്ടിയല്ല. ബാബ പരിധിയില്ലാത്ത വഴികാട്ടിയാണ്. ഒരാൾക്കുമാത്രമല്ല മുക്തി നൽകുന്നത്. ബാബ പറയുകയാണ് ഞാൻ എല്ലാവർക്കും വന്ന് സത്ഗതി ചെയ്യുന്നു. ഞാൻ വന്നിരിക്കുന്നതുതന്നെ എല്ലാവരേയും ശാന്തിധാമത്തിലേക്ക് പറഞ്ഞയക്കുന്നതിനായാണ്. ഇവിടെ യാചിക്കേണ്ട ആവശ്യമില്ല. പരിധിയില്ലാത്ത

ബാബയല്ലേ. മനുഷ്യർ പരിധിയുള്ളതിലേക്ക് വന്ന് എനിക്ക് എനിക്ക് എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു. അല്ലയോ പരമാത്മാ എനിക്ക് സുഖം നൽകൂ, ദുഃഖത്തെ ഇല്ലാതാക്കൂ. ഞങ്ങൾ പാപിയും നീചരുമാണ്, അങ്ങ് ദയ കാണിക്കൂ. ബാബ പറയുകയാണ് ഞാൻ പരിധിയില്ലാത്ത പഴയ സൃഷ്ടിയെ പുതിയതാക്കിമാറ്റാൻ വന്നിരിക്കുകയാണ്. പുതിയ സൃഷ്ടിയിൽ ദേവതകളാണ് വസിക്കുന്നത്, ഞാൻ ഓരോ 5000 വർഷത്തിനുശേഷവും വരുന്നു. എപ്പോഴാണോ നിങ്ങൾ പൂർണ്ണമായും പതിതമായി മാറുന്നത് ഇതാണ് ആസുരീയ സമ്പ്രദായം. സത്ഗുരു ഒരാളാണ് സത്യം മാത്രം പറയുന്നത്. ബാബ പിതാവുമാണ്, ടീച്ചറുമാണ്, സത്ഗുരുവുമാണ്. ബാബ പറയുന്നു ഈ മാതാക്കൾ സ്വർഗ്ഗവാതിൽ തുറക്കുന്നവരാണ്. എഴുതിവച്ചിട്ടുണ്ടല്ലോ – സ്വർഗ്ഗത്തിലേക്ക് പോകാനുള്ള വാതിൽ. പക്ഷേ മനുഷ്യർക്ക് ഇതും മനസ്സിലാക്കാൻ സാധിക്കുന്നില്ല. നരകത്തിലെത്തുമ്പോഴാണല്ലോ വിളിക്കുന്നത്. ഇപ്പോൾ ബാബ നിങ്ങൾക്ക് സ്വർഗ്ഗത്തിലേക്ക് പോകാനുള്ള വഴി പറഞ്ഞു തരികയാണ്. ബാബ പറയുകയാണ് ഞാൻ വരുന്നത് പതിതരെ പാവനമാക്കി മാറ്റാനും കൂടെ കൊണ്ടുപോകാനുമാണ്. ഇപ്പോൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ പാപം ഇല്ലാതാകും. എല്ലാവരെയും ഒരു കാര്യം കേൾപ്പിക്കൂ. ബാബ പറയുകയാണ് മായയെ ജയിച്ച് ജഗത്ജീത്തായി മാറൂ. ഞാൻ നിങ്ങളെല്ലാവർക്കും വിശ്വത്തിന്റെ അധികാരിയായി മാറാനുള്ള വഴി പറഞ്ഞുതരികയാണ്, പിന്നീട് ലക്ഷ്മിയെ ദീപാവലിയിൽ പൂജിക്കുന്നു, ലക്ഷ്മിയിൽനിന്നും ധനം യാചിക്കുന്നു, ഇങ്ങനെ പറയാറില്ല. ആരോഗ്യത്തെ നല്ലതാക്കൂ, ദീർഘായുസ്സ് നൽകൂ. നിങ്ങൾ ബാബയിൽനിന്നും സമ്പത്ത് നേടുന്നു. ആയുസ്സ് എത്ര നീണ്ടതാകുന്നു. ഇപ്പോൾ ആരോഗ്യവും, സമ്പത്തും, സന്തോഷവും എല്ലാം നൽകുകയാണ്. മനുഷ്യർ കേവലം ലക്ഷ്മിയിൽ നിന്ന് ധനം മാത്രമാണ് യാചിക്കുന്നത്, അത് ലഭിക്കുന്നതുമില്ല. ഇതൊരു ശീലമായി മാറി. ദേവതകളുടെ മുന്നിൽ പോയി ഭിക്ഷ യാചിക്കാറുണ്ട്. ഇവിടെ നിങ്ങൾക്ക് ബാബയിൽനിന്നും ഒന്നും യാചിക്കേണ്ട ആവശ്യമില്ല. നിങ്ങളോട് ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കുന്നതിലൂടെ അധികാരിയായി മാറാം. സൃഷ്ടിചക്രത്തെ ഓർമ്മിക്കുന്നതിലൂടെ ചക്രവർത്തി രാജാവായി മാറാം. ദൈവീക ഗുണങ്ങളെ ധാരണ ചെയ്യണം. ഇവിടെ ഒന്നും പറയേണ്ട ആവശ്യം പോലുമില്ല. ബാബയിൽ നിന്ന് സ്വർഗ്ഗത്തിന്റെ സമ്പത്താണ് ലഭിക്കുന്നത്. എന്താ ഇപ്പോൾ നിങ്ങൾക്ക് ദേവതകളേ പൂജ ചെയ്യണോ! നിങ്ങൾക്കറിയാം നമ്മൾ സ്വയം ഇവരെ പോലെയായി മാറുന്നവരാണ് പിന്നീട് ഈ 5 തത്വങ്ങളെ എന്തിന് പൂജിക്കണം. നമുക്ക് വിശ്വത്തിന്റെ അധികാരം ലഭിക്കണമെങ്കിൽ എന്ത് ചെയ്യണം. ഇപ്പോൾ നിങ്ങൾക്ക് ക്ഷേത്രങ്ങളിൽ പോകേണ്ടതില്ല. ബാബ പറയുന്നു അതെല്ലാം ഭക്തിമാർഗ്ഗത്തിന്റെ സാധനയാണ്. ജ്ഞാനത്തിൽ ഒരു വാക്കേയുള്ളു – എന്നെ മാത്രം ഓർമ്മിക്കൂ. ഓർമ്മയിലൂടെ നിങ്ങളുടെ എല്ലാ പാപങ്ങളും വിനാശമാകും, സതോപ്രധാനമായി മാറും. നിങ്ങളാണ് സർവ്വഗുണസമ്പന്നരായിരുന്നത് വീണ്ടും അതായിമാറണം. ആരും മനസ്സിലാക്കുന്നില്ല. കല്ലുബുദ്ധികളായിരിക്കുന്നവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ ബാബക്ക് എത്ര പരിശ്രമിക്കോണ്ടതായിവരുന്നു. നിശ്ചയമുണ്ടായിരിക്കണം ഈ കാര്യങ്ങൾ ഒരു ബാബക്കല്ലാതെ ഒരു സാധുസന്യാസിമാർക്കും മനസ്സിലാക്കിത്തരാൻ സാധിക്കില്ല. സാധുസന്യാസിമാരൊന്നും ഈശ്വരനാകുന്നില്ല. ഈ ബ്രഹ്മാവിന്റേത് വളരെ ജന്മങ്ങൾക്കുശേഷമുള്ള അന്തിമജന്മമാണ്. അപ്പോഴാണ് ഞാൻ പ്രവേശിക്കുന്നത്, ഈ ബ്രഹ്മാവ് പൂർണ്ണമായും 84 ജന്മങ്ങളെടുത്തു, ഗ്രാമ ബാലകനിൽ നിന്നും വീണ്ടും ശ്യാംസുന്ദരനായി മാറുന്നു. പൂർണ്ണമായും ഗ്രാമ ബാലനായിരുന്നു. വീണ്ടും എപ്പോഴാണോ സാധാരണമാകുന്നത്, അപ്പോഴാണ് ബാബ പ്രവേശിക്കുന്നത്. കാരണം ഇത്രയും ഭട്ഠിയെല്ലാം നടക്കണമായിരുന്നു. ഇവരെ കഴിപ്പിക്കുന്നതാരാണ്? അപ്പോൾ തീർച്ചയായും സാധാരണമായ ഒരാളും വേണ്ടേ. ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യമാണ്. ബാബ സ്വയം പറയുകയാണ് ഞാൻ ഈ ബ്രഹ്മാവിന്റെ വളരെയധികം ജന്മങ്ങൾക്കു ശേഷം അന്തിമത്തിലാണ് പ്രവേശിക്കുന്നത്. ആരാണോ ഏറ്റവും പതിതമായി മാറുന്നത്, അവർ തന്നെ വീണ്ടും പാവനമായി മാറും. 84 ജന്മം ഈ ബ്രഹ്മാവാണ് എടുക്കുന്നത്, തത്ത്വം ഒരാളല്ല, വളരെയധികം പേരുണ്ട്. സൂര്യവംശി ചന്ദ്രവംശികളായി മാറേണ്ടവരാണ് നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് ഇവിടെ വരുന്നത്. ബാക്കിയുള്ളവർക്ക് ഇവിടെയിരിക്കാൻ സാധിക്കില്ല. വൈകി വരുന്നവർ ജ്ഞാനവും കുറച്ചു കേൾക്കും. അവർ സത്യയുഗത്തിലും വൈകിയേ വരികയുള്ളു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) ബാബ നൽകുന്ന ജ്ഞാനത്തിന്റെ അലങ്കാരത്തെ സദാ നിലനിർത്തുന്നതിനുവേണ്ടി പുരുഷാർത്ഥം ചെയ്യണം. മായയുടെ പൊടിയിൽ ജ്ഞാനത്തിന്റെ അലങ്കാരത്തെ നശിപ്പിക്കരുത്. പഠിപ്പ് നല്ലരീതിയിൽ പഠിച്ച് അവിനാശിയായ സമ്പാദ്യം ഉണ്ടാക്കണം.

2) ഈ ചിത്രം (രൂപം) അതായത് ദേഹധാരിയെ മുന്നിൽ കണ്ടുകൊണ്ടും ബുദ്ധി കൊണ്ട് വിചിത്രനായ ബാബയെ ഓർമ്മിക്കണം. കണ്ണുകൾ അടച്ചിരിക്കുന്ന ശീലം ഉണ്ടാക്കരുത്. പരിധിയില്ലാത്ത ബാബയിൽനിന്നും ഒന്നും യാചിക്കരുത്.

**വരദാനം - സമയത്തിന്റെ മഹത്വത്തെ അറിഞ്ഞ് തീവ്രഗതിയിൽ മുന്നേറുന്ന (ഫാസ്റ്റ് സൊ ഫസ്റ്റ്) തീവ്ര പുരുഷാർത്ഥിയായി ഭവിയ്ക്കട്ടെ.**

അവ്യക്ത പാർട്ടിലേക്ക് വന്ന ആത്മാക്കൾക്ക് ലാസ്റ്റ് സൊ ഫാസ്റ്റ്, ഫാസ്റ്റ് സൊ ഫസ്റ്റിലേക്ക് വരാനുള്ള വരദാനം പ്രാപ്തമാണ്. അപ്പോൾ സമയത്തിന്റെ മഹത്വത്തെ മനസ്സിലാക്കി ലഭിച്ചിട്ടുള്ള വരദാനത്തെ സ്വരൂപത്തിലേക്ക് കൊണ്ടു വരൂ. ഈ അവ്യക്ത പാലന സഹജമായും ശക്തിശാലിയാക്കി മാറ്റുന്നതാണ്. അതിനാൽ എത്രത്തോളം മുന്നോട്ട് പോകുവാൻ ആഗ്രഹിക്കുന്നുവോ മുന്നേറുവാൻ സാധിക്കും. ബാപ്ദാദയുടെയും നിമിത്താത്മാക്കളുടെയും ആശീർവ്വാദം, സർവ്വരെ പ്രതിയും ഉള്ളതിനാൽ തീവ്രഗതിയുടെ പുരുഷാർത്ഥത്തിന്റെ ഭാഗ്യം സഹജമായും ലഭിച്ചിട്ടുണ്ട്.

**വരദാനം - നിരാകാരിയും സാകാരിയും എന്ന മഹാമന്ത്രത്തിന്റെ സ്മൃതിയിലൂടെ നിരന്തര യോഗിയായി ഭവിയ്ക്കൂ.**